# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1305 — 03.12.15 ൽ - മറുപടിക്ക്

## പുതിയ റേഷൻകാർഡ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്ന പ്രക്രിയ മൂന്നാം ഘട്ടത്തിലാണ്. കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിയതിൽ എന്തെങ്കിലും തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ, ആയത് കാർഡുടമകൾ തിരുത്തി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ നടത്തുന്ന പ്രക്രിയയാണ് ഇപ്പോൾ നടന്നുവരുന്നത്. |
| (ബി) തെറ്റ് തിരുത്തുന്നതിന് ഓൺലൈൻ സൗകര്യം ലഭിക്കാതിരുന്നവർക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; | (ബി) | കാർഡുടമകളിൽ നിന്നുമുള്ള വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഫോറങ്ങളുടെ പ്രിന്റ് റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് നൽകി തെറ്റുകൾ തിരുത്തി റേഷൻകടകളിലൂടെ സ്വീകരിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (സി) ബി.പി.എൽ. കാർഡുടമകളുടെ പേര് വിവരങ്ങൾ അറിയുന്നതിനും അർഹതപ്പെട്ടവരെ ഉൾപ്പെടുത്തുന്നതിനുമായി കാർഡ് വിതരണം ചെയ്യുന്നതിന് മുമ്പ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഉണ്ട്. മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തിയ ശേഷം കരട് പട്ടിക പഞ്ചായത്ത്, വില്ലേജ് ആഫീസുകൾ മുഖേനയും താലൂക്ക് സപ്ലൈ ആഫീസുകളിൽ കൂടിയും വെബ്സൈറ്റ് മുഖേനയും പൊതുജനങ്ങൾക്ക് കാണുന്നതിനും പരാതികൾ നൽകുന്നതിനുമായി പ്രസിദ്ധീകരിക്കുന്നതാണ്. അതിന്മേൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും പരിഹരിച്ച ശേഷം അന്തിമ പട്ടികയും വെബ്സൈറ്റ്, പഞ്ചായത്ത്, വില്ലേജ് ആഫീസുകൾ, താലൂക്ക് സപ്ലൈ ആഫീസുകൾ മുഖേന പ്രസിദ്ധീകരിച്ച ശേഷം മാത്രമാണ് റേഷൻകാർഡുകൾ നൽകുന്നത്. |

Thulasi

സെക്ഷൻ ഓഫീസർ